ഭരണഭാഷ - മാതൃഭാഷ

കേരള സർക്കാർ

ഉദ്യോഗസ്ഥ – ഭരണപരിഷ്കാര (ഔദ്യോഗികഭാഷ)വകുപ്പ്

നം.ഒ.എൽ.3 /48/22/പി & എ ആർ ഡി

തിരുവനന്തപുരം
തീയതി: 16/07/2022

അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാകളക്ടർമാർ/വകുപ്പുതലവന്മാർ/അർദ്ധസർക്കാർ/സ്വയംഭരണ/
സഹകരണ/ പൊതുമേഖല/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലവന്മാർ

സർ,

വിഷയം:– ഉദ്യോഗസ്ഥ–ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്– ഭരണഭാഷാപുരസ്കാരങ്ങൾ 2022– സംബന്ധിച്ച്.

സൂചന:– 1. 08.02.17–ലെ ജി.ഒ (എം.എസ്) നം.5/17/പി & എ ആർ ഡി.
2. 14.03.17–ലെ ജി.ഒ (എം.എസ്) നം.8/2017/പി & എ ആർ ഡി

ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനും ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികളുടെ ഭാഗമായി കേരളസർക്കാരിന്റെ വിവിധവകുപ്പുകളിലും സ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന ക്ലാസ് 1, 2, 3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ടൈപ്പിസ്റ്റ്/ കമ്പ്യൂട്ടർഅസിസ്റ്റന്റ്/ സ്റ്റെനോഗ്രാഫർമാർക്കും സംസ്ഥാനതല ഭരണഭാഷാസേവനപുരസ്കാരങ്ങളും, എല്ലാ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെയും പരിഗണിക്കുന്ന ഗ്രന്ഥരചനാ പുരസ്കാരവും (സംസ്ഥാനതലം), ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ജില്ലാതല ഭരണഭാഷാസേവന പുരസ്കാരവും ഏർപ്പെടുത്തിക്കൊണ്ട് സൂചന (2) പ്രകാരവും, ഏറ്റവും മികച്ച ഭാഷാമാറ്റം കൈവരിക്കുന്ന വകുപ്പിനും ജില്ലയ്ക്കും പ്രത്യേക പുരസ്കാരം ഏർപ്പെടുത്തിക്കൊണ്ട് സൂചന (1) പ്രകാരവും ഉത്തരവായിരുന്നു.

ഭരണഭാഷാപുരസ്കാരങ്ങൾ–2022 സംബന്ധിച്ച് താങ്കളുടെ ജില്ലയിൽ/ വകുപ്പിൽ/ സ്ഥാപനത്തിൽ വ്യാപകമായ പ്രചാരണം നൽകേണ്ടതും ഇതു സംബന്ധിച്ച വിവരം എല്ലാ ഓഫീസുകളിലും ജീവനക്കാരിലും എത്തിക്കേണ്ടതുമാണ്. **2021 കലണ്ടർ വർഷം മലയാളത്തിൽ ചെയ്ത ജോലികളാണ് പുരസ്കാരത്തിനായി പരിഗണിക്കുന്നത്.** നിശ്ചിതഫാറത്തിൽ തയ്യാറാക്കിയ അപേക്ഷകൾ 2022 ആഗസ്റ്റ് 31–നകം സമർപ്പിക്കേണ്ടതാണ്. ക്ലാസ് 1, 2,3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും ക്ലാസ് 3 വിഭാഗത്തിൽപ്പെട്ട ടൈപ്പിസ്റ്റ്/ കമ്പ്യൂട്ടർഅസിസ്റ്റന്റ്/

സ്റ്റെനോഗ്രാഫർമാർക്കും ഏർപ്പെടുത്തിയിട്ടുള്ള ഭരണഭാഷാപുരസ്കാരങ്ങൾക്കും (സംസ്ഥാനതലം), ഭരണഭാഷാഗ്രന്ഥരചനാപുരസ്കാരത്തിനുമുള്ള അപേക്ഷകൾ പ്രത്യേകം തരംതിരിച്ച് സർക്കാരിനും, ജില്ലാതലഭരണഭാഷാസേവന പുരസ്കാരത്തിനായുള്ള അപേക്ഷകൾ അതത് ജില്ലാകളക്ടർമാർക്കും 2022 ആഗസ്റ്റ് 31-നകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു. ഭരണഭാഷാപുരസ്കാരങ്ങൾ സംബന്ധിച്ച വിശദവിവരവും അപേക്ഷാഫാറത്തിന്റെ മാതൃകയുമടങ്ങിയ ഉത്തരവ് ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ,<br>
കൃഷ്ണകുമാർ. വി. ആർ<br>
ഡെപ്യൂട്ടിസെക്രട്ടറി<br>
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

ഉള്ളടക്കം – സൂചനയിലെ ഉത്തരവുകൾ

സർക്കാരിലേക്കുള്ള അപേക്ഷകൾ ലഭ്യമാക്കേണ്ട വിലാസം:

ഡെപ്യൂട്ടിസെക്രട്ടറി<br>
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര( ഔദ്യോഗികഭാഷ) വകുപ്പ്<br>
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം -695 001

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ